LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

വർഷം	രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം
18-5-2011-31-12-2011	623
2012	906
2013	876
2014	947
1-1-2015-21-11-2015	838

(ബി) 1800 കേസ്സുകൾ വിചാരണയ്ക്കായി കോടതിയിലുണ്ട്. 23 കേസ്സുകൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ

271 (281) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓരോ വർഷവും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങളുടെപേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ;

(ബി) ഇവയിൽ എല്ലാ കേസ്സുകളും നടപടികൾ പൂർത്തിയാക്കി കോടതികളിൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളിൽ നിലവിലുള്ള എസ്.സി./എസ്.ടി (അതിക്രമം തടയൽ) നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിലും കുറ്റവാളികളുടെമേൽ നിയമനടപടികൾ സ്വീകരിക്കുന്നതിലും പോലീസിന്റെഭാഗത്ത് ഗുരുതരമായ അലംഭാവവും കാലതാമസവും ഉണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുവാനും നിയന്ത്രിക്കുവാനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) 4,189 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വർഷം/ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 3,570 കേസ്സുകൾ നടപടി പൂർത്തിയാക്കി കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനായി ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നതും അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള നിയമപരിരക്ഷയെക്കുറിച്ച് അവരെ ബോധവൽക്കരിച്ചും എസ്.സി./എസ്.ടി. മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ആയതിന്റെ പ്രവർത്തനം അവലോകനം ചെയ്തും മറ്റും ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. സംസ്ഥാന പോലീസ് മേധാവിയുടെകീഴിൽ പട്ടികജാതി-പട്ടികവർഗ്ഗ സംരക്ഷണ സെൽ രൂപീകരിച്ചുകൊണ്ട് 4-11-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

ജീവപര്യന്തം തടവിൽ കഴിയുന്നവരുടെ മോചനം

272 (282) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവപര്യന്തം ശിക്ഷ ലഭിച്ച് സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്നവർ എത്ര ; സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ എത്ര പേരെ ജയിലുകളിൽനിന്നും മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നു ;

(ബി) എത്ര കാലം തടവുശിക്ഷ അനുഭവിച്ചവരെയാണ് മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; ഇത് സംബന്ധിച്ച മാനദണ്ഡം വിശദമാക്കാമോ ;

(സി) മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മോചനത്തിനർഹരായവർ എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) 1231. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 462 പ്രകാരം ജയിലുകളിൽ രൂപീകൃതമായിട്ടുള്ള ജയിൽ ഉപദേശക സമിതി, ക്രിമിനൽ നടപടി സംഹിത 433A-യിൽ നിഷ്കർഷിച്ചിട്ടുള്ള

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly